റഫീഖ് പുതുപൊന്നാനി

# വർണ്ണ സുന്ദരി പനങ്കാക്ക



ഒരു സ്ഥലത്ത് അനങ്ങാതെ ഇരിക്കുമ്പോൾ ഒട്ടും നിറപ്പകിട്ടില്ലാത്ത പക്ഷി. ചിറകൊന്നു വിടർത്തിയാലോ, നിറ വിസ്മയങ്ങളുണർത്തുന്ന സുന്ദരിപ്പക്ഷി. ഒരു മാടപ്രാവിനോളം വലുപ്പമുള്ള ഈ സുന്ദരിയാണ് നമ്മുടെ പരിസരങ്ങളിൽ കണ്ടുവരാറുള്ള പനങ്കാക്ക.

ചിറകും വാലും നീല നിറത്തിൽ. അതും ഇളം നീലയും കടും നീലയുമെല്ലാം മനോഹരമായി സംയോജിച്ച മട്ടിൽ. മുഖത്തും കഴുത്തിലും ചാരനിറവും ഊത നിറവും കലർന്ന വരകൾ. തലയിലുമുണ്ട് നീലനിറം. വയറിന് നേർത്ത കാവി നിറം. അടിവയറിനാകട്ടെ ഇളം നീലനിറം. അടുത്തു നിന്നു കണ്ടാൽ എട്ടൊമ്പതു നിറങ്ങളെങ്കിലും കാണാം പനങ്കാക്കയിൽ.

നിറസൗന്ദര്യം ഇങ്ങനെയെങ്കിലും ശബ്ദം അൽപ്പം പരുക്കനാണ്. അതിനാൽത്തന്നെ മുട്ടയിടുന്ന കാലത്ത് മാത്രമാണ് കൂടുതലായി ഇവ ശബ്ദിക്കാറ്. ക്രോ ക്രോ എന്ന ഉച്ചത്തിലുള്ള നിരന്തരമായ ശബ്ദം പുറപ്പെടുവിക്കാറുണ്ടിവ.

പൊതുവെ ഒറ്റയാൻമാരാണ് പനങ്കാക്കകൾ. മണ്ടപോയ തെങ്ങും കമുകും പനയുമെല്ലാമാണ് പ്രിയപ്പെട്ട താവളങ്ങൾ. തലപോയ തെങ്ങിനുമുകളിൽ കയറിയിരുന്ന് ചുറ്റുപാടും നോക്കിയിരിക്കുന്ന സ്വഭാവക്കാരാണിവർ.



പാറ്റ, തുമ്പി, ഈയൽ, പുൽച്ചാടി, ഓന്ത്, പച്ചക്കുതിര, പല്ലി തുടങ്ങിയവയാണ് പനങ്കാക്കയുടെ ആഹാരം. മണ്ടപോയ വൃക്ഷങ്ങളുടെ മുകളിൽ മഴ പെയ്ത് ദ്രവിച്ച് ഉണ്ടാവുന്ന കുഴിയിൽ ചപ്പും പുല്ലും കൊണ്ടു വന്നിട്ടാണ് കൂടൊരുക്കാറ്. ഇത്തരം വൃക്ഷങ്ങൾ കിട്ടിയില്ലെങ്കിൽ ഏതെങ്കിലും മരപ്പൊത്തോ ചുമരിലെ പൊത്തുകളോ കൂടാക്കി മാറ്റും.

പ്രജനന കാലത്ത് ഇവ ഇണയോട് കൂട്ടു കൂടും. തൂവെള്ള നിറമാണ് ഇവയുടെ മുട്ടകൾക്ക്. ഓരോ തവണയും നാലോ അഞ്ചോ മുട്ടകളിടും.

പൊൻമാനുകളെപ്പോലെ വർണ്ണ ഭംഗി ഉള്ളതു കൊണ്ടാവാം ഇവയെ പൊൻമാനുകൾ എന്നും വിളിക്കാറുണ്ട്. പേരിൽ കാക്കയുണ്ടെങ്കിലും നമ്മുടെ വീട്ടുവളപ്പിലെത്താറുള്ള കാക്കകളോട് ഒട്ടും സാദൃശ്യമില്ലാത്ത പക്ഷിയാണ്. സ്രഷ്ടാവിന്റെ അൽഭുത പ്രതിഭാസങ്ങളിലൊന്നാണ് പനങ്കാക്കയും.